സ്പോട്ട് ബില്ലിംഗ് സമ്പ്രദായം ഏർപ്പെടുത്തി. ഘട്ടം ഘട്ടമായി സ്പോട്ട് ബില്ലിംഗ് സമ്പ്രദായം എല്ലാ സെക്ഷനുകളിലും ഏർപ്പെടുത്തുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഉപഭോക്താക്കളുടെ പരാതി പരിഹരിക്കുന്നതിന് വർഷം തോറും വൈദ്യുതി അദാലത്ത് നടപ്പിലാക്കി പരാതി പരിഹരിക്കുന്ന സമ്പ്രദായം ഈ സർക്കാർ ഏർപ്പെടുത്തിയിട്ടുണ്ട്.

വൈദ്യുതി മേഖലയിലെ നിക്ഷേപം

26 (*206) ശ്രീ. പി. കെ. കുമാരൻ :
ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ :
ശ്രീ. സി. പി. ബാലൻ വൈദ്യർ :
ശ്രീ. എം. നാരായണൻ (കുഴൽമന്ദം) :
ശ്രീമതി ജെ. മെഴ്സിക്കുട്ടി അമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ വൈദ്യുതി മേഖലയിൽ ഇതുവരെയുള്ള നിക്ഷേപം സംബന്ധിച്ച് സർക്കാർ എന്തെങ്കിലും വിലയിരുത്തൽ നടത്തിയിട്ടുണ്ടോ ;

(ബി) എങ്കിൽ ഈ സർക്കാർ അധികാരമേറ്റശേഷം വൈദ്യുതി മേഖലയിൽ എന്തു തുകയുടെ നിക്ഷേപം നടത്തി എന്ന് വെളിപ്പെടുത്തുമോ ;

(സി) വൈദ്യുതി രംഗത്ത് ഏതൊക്കെ മേഖലകളിലാണ് കൂടുതൽ നിക്ഷേപം ആവശ്യമായി വരുന്നതെന്ന് സർക്കാർ പരിശോധിച്ചുവോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(ഡി) നടപ്പു സാമ്പത്തികവർഷം വൈദ്യുതി രംഗത്ത് പുതിയ നിക്ഷേപം നടത്തുന്നതിന് സർക്കാർ ലക്ഷ്യമിട്ടിട്ടുണ്ടോ ; എങ്കിൽ ഏതൊക്കെ മേഖലകളിൽ എന്ന് വെളിപ്പെടുത്തുമോ ;

(ഇ) വൈദ്യുതി രംഗത്ത് നിക്ഷേപം വർദ്ധിപ്പിക്കുന്നതിന് അനുസൃതമായി വൈദ്യുതി ബോർഡിന്റെ പൊതുജനങ്ങളോടുള്ള പ്രതിബദ്ധത പൊതുതാൽപര്യം എന്നിവ നിലനിറുത്തി പ്രവർത്തിക്കാൻ സാധിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(എഫ്) സംസ്ഥാന വൈദ്യുതി ബോർഡിനെ പൊതുമേഖലയിൽ നിലനിർത്തിക്കൊണ്ട് മുന്നു ലാഭകേന്ദ്രങ്ങളായി പുനഃസംഘടിപ്പിക്കുന്നതിനുള്ള പ്രവർത്തനം ഇപ്പോൾ ഏത് ഘട്ടത്തിൽ എന്ന് വെളിപ്പെടുത്തുമോ ?

വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ) :

(എ & ബി) സർക്കാർ ഇലക്ട്രിസിറ്റി ബോർഡിൽ മൂലധന നിക്ഷേപം നടത്താറില്ല. ബോർഡിന്റെ പദ്ധതി പ്രവർത്തനങ്ങൾക്കു വേണ്ടി എല്ലാ വർഷവും വായ്പയായി ഒരു തുക സർക്കാർ അനുവദിക്കാറുണ്ട്. സാധാരണയായി ഈ തുക പണമായി നൽകാറില്ല. പകരം, ഈ തുക വർഷാവസാനം ബോർഡ് സർക്കാരിനു നൽകേണ്ട എന്തെങ്കിലും തുകകളിൽ തട്ടിക്കിഴിക്കാറാണ് പതിവ്.

LIBRARY ARCHIVES Kerala Legislative Assembly

14-9-1998-ലെ സർക്കാർ ഉത്തരവ് പ്രകാരം 31-3-1998-വരെ ബോർഡിനു ലഭിച്ച സർക്കാർ വായ്പയുടെ കുടിശ്ശികയായ 1,025 കോടി രൂപയും 31-3-1997 വരെ സർക്കാർ വായ്പയിൻമേലുള്ള പലിശയായ 528 കോടി രൂപയും ചേർത്ത് 1,553 കോടി രൂപ ഇക്വിറ്റിയാക്കി മാറ്റിയിട്ടുണ്ട്.

സംസ്ഥാനത്തെ വൈദ്യുതി രംഗത്ത് നിക്ഷേപത്തിന്റെ പ്രതിമാസ പുരോഗതി വിലയിരുത്താൻ വേണ്ടി സർക്കാർ തലത്തിൽ ചീഫ് സെക്രട്ടറി മീറ്റിംഗ് വിളിച്ചു കൂട്ടാറുണ്ട്. ഇതിനു പുറമെ ബഹു. മുഖ്യമന്ത്രിയും പ്ലാനിംഗ് ബോർഡും ഇടയ്ക്കിടയ്ക്ക് പദ്ധതികളുടെ പുരോഗതി വിലയിരുത്താറുണ്ട്.

1996-97 മുതൽ സർക്കാർ ബോർഡിനു ലഭിച്ച വായ്പാതുകയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

1996-97	81.05 കോടി രൂപ
1997-98	211.05 കോടി രൂപ
1998-99	124.65 കോടി രൂപ
1999-2000	11.05 കോടി രൂപ

1996-97 മുതൽ സംസ്ഥാന വൈദ്യുതി ബോർഡിൽ പദ്ധതി ഇനങ്ങളിൽ ബോർഡിന്റെ ബഡ്ജറ്റ് പ്രകാരം ചെലവഴിച്ച തുകയുടെ വിവരം (ക്യാഷ് ഫ്ളോ അനുസരിച്ച്) ചുവടെ ചേർക്കുന്നു.

1990-97	491.54 കോടി രൂപ
1997-98	548.60 കോടി രൂപ
1998-99	802.18 കോടി രൂപ
1999-2000	559.13 കോടി രൂപ
2000-2001	718.5 കോടി രൂപ

ഇതിനു പുറമേ പുതിയ വ്യവസായികൾക്ക് കുറഞ്ഞ നിരക്കിൽ വൈദ്യുതി നൽകുന്നതു മൂലമുണ്ടായ ബോർഡിന്റെ നഷ്ടം നികത്തുന്നതിലേക്കായി 25 കോടി രൂപ, കാർഷിക സബ്സിഡി ഇനത്തിൽ 6.5 കോടി രൂപയും ചേർത്ത് മൊത്തം 31.5 കോടി രൂപ 1996-97-ൽ ബോർഡിനു സർക്കാർ നൽകുകയുണ്ടായി.

(സി) ജലവൈദ്യുതി പദ്ധതികൾക്കും പ്രസരണ വിതരണ മേഖല, ശക്തിപ്പെടുത്തുന്നതിനുമാണ് കൂടുതൽ നിക്ഷേപം ആവശ്യമായി വരുന്നത്.

(ഡി) ഉണ്ട്. 2000-2001-ലെ ബോർഡിന്റെ വാർഷിക പദ്ധതി അടങ്കൽ തുക 718.50 കോടി രൂപയാണ്. ജലവൈദ്യുതപദ്ധതികൾ, തെർമൽ, ആഗ്മെന്റേഷൻ/ഡൈവർഷൻ പദ്ധതികൾ, ട്രാൻസ്മിഷൻ (പ്രസരണം) വിതരണം, സിസ്റ്റം അഭിവൃദ്ധി, സർവ്വേയും, പര്യവേഷണവും, നവീകരണവും ആധുനികവൽക്കരണവും, എനർജി സംരക്ഷണവും ലോസ്മാനേജ്മെന്റും, ഡിസ്മിക് സ്റ്റഡീസ്, റിസർച്ചും ഡെവലപ്പ്മെന്റും, പാരമ്പര്യേതര ഊർജ്ജസ്രോതസ്സ് എന്നിവയാണ് മേൽപ്പറഞ്ഞ തുക വകയിരുത്തിയിരിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

(ഇ) ഉണ്ട്. പവർകട്ട് ഒഴിവാക്കി, ലോഡ്ഷെഡിംഗ് പടിപടിയായി കുറച്ചു കൊണ്ടു വരുന്നു. വൈദ്യുതി രംഗത്തെ ഉപഭോക്താക്കൾ നേരിടുന്ന പ്രശ്നങ്ങളുടെ വേഗത്തിലുള്ള പരിഹാരത്തിനായി അദാലത്തുകൾ സംഘടിപ്പിക്കുന്നുണ്ട്. സാധാരണ ഗാർഹിക കണക്ഷൻ ലഭിക്കാനുള്ള കാലതാമസം കുറച്ചുകൊണ്ടു വരുന്നു. ഉപഭോക്താക്കൾക്കു താരതമ്യേന തൃപ്തികരമായ സ്പോട്ട് ബില്ലിംഗ് സംവിധാനം വ്യാപകമാക്കിക്കൊണ്ടിരിക്കുന്നു.

(എഫ്) ഗവൺമെന്റിന്റെ ഊർജ്ജനയത്തിനനുസൃതമായി, വൈദ്യുതബോർഡിനെ പൊതുമേഖലയിൽ തന്നെ നിലനിർത്തിക്കൊണ്ട്, ഉൽപാദനം, പ്രസരണം, വിതരണം എന്നീ ലാഭകേന്ദ്രങ്ങളും കോർപ്പറേറ്റ് ഓഫീസുമായി പുനഃസംഘടന നടത്തുന്നതിനുള്ള ഗവൺമെന്റിന്റേയും ബോർഡിന്റെയും ഉത്തരവ് യഥാക്രമം 27-4-2000-നും 29-4-2000 നും പുറപ്പെടുവിച്ചിട്ടുണ്ട്.

പുനഃസംഘടന സംബന്ധിച്ച നടപടികളെക്കുറിച്ച് പഠനങ്ങൾ നടത്തുവാൻ നിയോഗിക്കപ്പെട്ട കർമ്മസമിതികളുടെ റിപ്പോർട്ട് അപ്പക്സ് കമ്മറ്റിയുടെ ഉപരിവീക്ഷണത്തിനു ശേഷം അംഗീകരിച്ചിട്ടുള്ളവ ബോർഡ് തത്വത്തിൽ അംഗീകരിച്ചിട്ടുണ്ട്. ഇതു സംബന്ധിച്ച വിശദമായ റിപ്പോർട്ടുകൾ വിവിധ ഘട്ടങ്ങളിലായി തയ്യാറാക്കിക്കൊണ്ടിരിക്കുകയാണ്.

പ്രോഫിറ്റ് സെന്ററുകളിൽ നിന്നും കൈമാറ്റം ചെയ്യപ്പെടുന്ന ഊർജ്ജത്തിന്റെ കണക്കുകൾ തയ്യാറാക്കുന്നതു സംബന്ധിച്ച് മാർഗ്ഗരേഖകൾ 8-6-2000-ൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. 15-6-2000 മുതലാണ് ഈ കണക്കുകൾ ഏർപ്പെടുത്തിയിരിക്കുന്നത്. കൂടാതെ ഡിസ്ട്രിബ്യൂഷൻ മേഖലയിൽ റൂറൽ, സെമി-അർബൻ, അർബൻ എന്നീ അടിസ്ഥാനത്തിൽ ബാലുശ്ശേരി, പെരുമ്പാവൂർ, കൊല്ലം എന്നീ ഡിവിഷനുകളിൽ പൈലറ്റ് പദ്ധതിക്കായി കർമ്മ സമിതികളുടെ പരിഷ്ക്കാര നിർദ്ദേശങ്ങൾ നടപ്പാക്കുന്നതിനുവേണ്ട പ്രാരംഭ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഈ ഡിവിഷനുകൾ എല്ലാം തന്നെ സ്പോട്ട് ബില്ലിംഗ് നടപ്പാക്കാനും തുടങ്ങിയിട്ടുണ്ട്.

ഗ്രാമ പഞ്ചായത്തുകളിൽ ചെറുകിട ശുദ്ധജലവിതരണ പദ്ധതികൾ നടപ്പാക്കാൻ ലോക ബാങ്ക് അംഗീകാരം

27 (*207) ശ്രീ. വി. ജെ. പൗലോസ് :
ശ്രീ. പാലോട് രവി :
ശ്രീ. കെ. മുഹമ്മദാലി :
പ്രൊഫ. സാവിത്രി ലക്ഷ്മണൻ :
ശ്രീ. പി. ജെ. ഫ്രാൻസിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗ്രാമപഞ്ചായത്തുകളിൽ ചെറുകിട ശുദ്ധജലവിതരണ പദ്ധതികൾ നടപ്പാക്കാൻ ലോകബാങ്ക് അംഗീകാരം നൽകിയിട്ടുണ്ടോ ;

(ബി) ഈ പദ്ധതിയുടെ മൊത്തം ചെലവ് എത്രയാണ് ;

LIBRARY ARCHIVES Kerala Legislative Assembly